പരിഗണിച്ച് തൊഴിൽ സാധ്യത കൂടുതൽ ഉള്ള ട്രേഡുകൾ ആണ് പുതിയ ഐ.ടി.ഐ.-കളിൽ പരിഗണിക്കുന്നത്. നിലവിലുള്ള ഐ.ടി.ഐ.-കളിൽ, പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്ന സമയത്ത് ചാലക്കുടി ഐ.ടി.ഐ.-യുടെ കാര്യവും പരിഗണിക്കുന്നതാണ്.

മണലൂർ പഞ്ചായത്തിൽ ഐ.ടി.ഐ.

87 (4143) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മണലൂർ പഞ്ചായത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ ;

(ബി) ഈ വർഷം തന്നെ ഐ.ടി.ഐ. പ്രവർത്തനമാരംഭിക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മണലൂർ നിയോജകമണ്ഡലത്തിൽ, മണലൂർ ഗ്രാമ പഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ട്രെയിനിംഗ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടുണ്ട്. ആയത് ധനവകുപ്പിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ വർഷംതന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഉദുമ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം

88 (4144) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പുല്ലൂർ വില്ലേജിലെ ആർ.എസ്.നമ്പർ 101-ൽപ്പെട്ട 41 ഏക്കർ ഭൂമി തൊഴിൽ വകുപ്പിന് കൈമാറി കിട്ടുന്നതിലേക്കായി വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) സ്ഥലം തൊഴിൽ വകുപ്പിന് കൈമാറി കിട്ടുന്നതിലേക്ക് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ പുല്ലൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 547/2-ൽപ്പെട്ട 2 ഏക്കർ 52 സെന്റ് ഭൂമി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറിക്കിട്ടാൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 18-5-2010-ൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly